എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകൾ

50(2657) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകളുടെ നടത്തിപ്പിനായി മെറി ടാക്കിന് എത്ര രൂപ നൽകിയിട്ടുണ്ട്;

(ബി) പരീക്ഷാ നടത്തിപ്പിൽ നിന്നും കമ്പനിയെ ഒഴിവാക്കിയത് കാരണം തിരികെ നൽകിയ തുക യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) പരീക്ഷാനടത്തിപ്പിനായി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല മെറിടാക്കിന് തുകയൊന്നും കൈമാറിയിട്ടില്ല.

സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ

51(2658) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ച സാഹചര്യത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അവ വാങ്ങുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ചത് എന്നാണ്;

(സി) ആവശ്യത്തിന് മെഷീനുകൾ ഇല്ലാത്തതിന്റെ പേരിൽ പുറംകരാർ നൽകേണ്ടിവന്നിട്ടും, മെഷീനുകൾ വാങ്ങാത്തതിന്റെയും ടെണ്ടർ നടപടി പൂർത്തീകരിക്കാത്തതിന്റെയും കാരണം കണ്ടെത്തി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങിയിട്ടുണ്ട്. ഫോർ കളർ വെബ് മെഷീൻ വാങ്ങുന്നതിനായി 2014-ൽ രണ്ട് തവണയും 2015-ൽ മൂന്ന് തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly